**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 310** **05-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ആക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാരകരോഗങ്ങൾ ബാധിച്ച് ചികിത്സ നടത്തുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് മറ്റ് നിബന്ധനകളില്ലാതെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മുൻഗണനാ മാനദണ്ഡം സംബന്ധിച്ച 18.09.2017 ലെ സ.ഉ(സാധാ)നം. 320/2017/ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് വരാത്ത, ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടങ്ങുന്ന കുടുംബങ്ങളുടെ കാർഡുകൾ പരിശോധിച്ച് മുൻഗണനയിലേക്ക് മാറ്റുന്നുണ്ട്. |
| (ബി) | ആയിരം സ്ക്വയർഫീറ്റിന് തൊട്ടുമുകളിൽ വിസ്തൃതിയുള്ള വീടുകളുള്ള കുടുംബങ്ങൾക്ക് റേഷൻ കാർഡ് മുൻഗണനാ കാർഡാക്കി മാറ്റി കിട്ടാത്തതുമൂലം ചികിത്സാ സഹായങ്ങൾ ലഭിക്കാതെ വരുന്നത് ഒഴിവാക്കുന്നതിനായി, ഇത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/ മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ